# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 421 — 10-06-2014-ൽ മറുപടിക്ക്

## കെ. എസ്.ഇ. ബി. യിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . റ്റി .യു.കുരുവിള | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ: | (എ) |

| | |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 0 |
| കോട്ടയം | 14 |
| ഇടുക്കി | 0 |
| എറണാകുളം | 0 |
| തൃശ്ശൂർ | 109 |
| മലപ്പുറം | 169 |
| പാലക്കാട് | 148 |
| വയനാട് | 1 |
| കോഴിക്കോട് | 205 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 1 |

| | |
|---|---|
| (ബി) ലൈൻമാൻ ഓവർസീയർ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ | (ബി) ലൈൻമാൻ -406<br>ഓവർസിയർ -38 |

| | |
|---|---|
| (സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്ക നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കമോ: & (ഡി) കെ.എസ്.ഇ.ബി.യിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ. | (സി) &,(ഡി) പ്രമോഷൻ വഴി ഒഴിവുകൾ നികത്താൻ നടപടി എടുത്തു വരുന്നു. പി.എസ്.സി.വഴി നിയമനം നടത്തുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ പി.എസി.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഇ) കെ..എസ്.ഇ.ബി.യിലെമസ്ദൂർ, ലൈൻമാൻ ഓവർസിയർ എന്നിവർ ജോലിക്കിടെ മരണപ്പെടുമ്പോൾ അവരുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുമോ? | (ഇ) വൈദ്യുതി ബോർഡില് ജോലി ചെയ്യുന്നതിനിടെ അപകടമോ അപകടമരണമോ സംഭവിക്കുന്ന ജീവനക്കാർക്ക് 1923 – ലെ തൊഴിലാളി നഷ്ട പരിഹാര നിയമനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.<br><br>1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ 18.01.2010 ല് നിലവിൽ വന്ന പുതിയ ഭേദഗതിയനുസരിച്ച് 30.06.2010 മുതല് നഷ്ടപരിഹാരം കണക്കാക്കുന്നതിന് പരിഗണിയ്ക്കുന്ന ശരാശരി മാസവരുമാനത്തിന്റെ പരിധി 4000/- രൂപയിൽ നിന്നും 8000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുന്ന മസ്ദൂര്, ലൈൻമാന്, ഓവർസിയര് എന്നീ തസ്തികകളിൽപ്പെടുന്ന തൊഴിലാളികൾക്ക് അവരുടെ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി 3,97,480/- രൂപ മുതൽ 9,14,160 രൂപ വരെ നഷ്ടപരിഹാരമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>ഇതിനുപരിയായി ജോലിക്കിടെ അപകടമരണം സംഭവിയ്ക്കുകയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭിയ്ക്കുന്ന ക്ലെയിം തുക 2014 മുതല് 8 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

കൂടാതെ വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധി ഫണ്ടിൽ നിന്നും ജോലിയിലിരിക്കെ മരണപ്പെടുന്ന ജീവനക്കാർക്ക് അനുവദിക്കുന്ന മരണാനന്തര ആനുകൂല്യം 1 ലക്ഷം രൂപയിൽ നിന്നും 2010 മുതൽ 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ